STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.359/PR/SPMC/PHQ/2026 Date:14.08.2026

## പത്രക്കുറിപ്പ്

# നവീകരിച്ച പോലീസ് ചീഫ് കൺട്രോൾ റൂമിന്റേയും ശൗര്യ ശില്പത്തിന്റേയും ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി നിർവ്വഹിച്ചു

ആധുനിക സംവിധാനങ്ങളോടെ നവീകരിച്ച പോലീസ് ആസ്ഥാനത്തെ പോലീസ് ചീഫ് കൺട്രോൾ റൂമിന്റേയും (PCCR), ഉപയോഗശൂന്യമായ തോക്കുകൾ ഉപയോഗിച്ച് നിർമ്മിച്ച ത്രിമാനരൂപമായ 'ശൗര്യ' യുടേയും ഉദ്ഘാടനം സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ നിർവ്വഹിച്ചു.

പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് ചീഫ് കൺട്രോൾ റൂമിൽ സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയും സി.സി.ടി.വികളുടെ കേന്ദ്രീകൃത മോണിറ്ററിംഗ് റൂം, ആട്ടോമാറ്റിക്ക് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ കൺട്രോൾ യൂണിറ്റ്, കേരളത്തിലെ തന്ത്രപ്രധാനമായ മേഖലകളിലെ സി.സി.ടി.വികളുടെ നിരീക്ഷണം, എല്ലാ ജില്ലയിലേയും കൺട്രോൾ റൂം വാഹനങ്ങൾ, ഹൈവേ പട്രോളിംഗ് വാഹനങ്ങൾ, പിങ്ക് പട്രോളിംഗ് വാഹനങ്ങൾ തുടങ്ങിയവയുടെ തത്സമയ നരീക്ഷണവും

നടത്തിവരുന്നു. നിലവിൽ മൂന്ന് സബ്. ഇൻസ്പെക്ടർമാർ അടക്കം 14 പോലീസ് ഉദ്യോഗസ്ഥരാണ് ഇവിടെ ജോലിനോക്കിവരുന്നത്.

ഉപയോഗശൂന്യമായ തോക്കുകൾ ഉപയോഗിച്ച് പോലീസ് ആസ്ഥാനത്ത് 2020 ൽ അന്നത്തെ സംസ്ഥാന പോലീസ് മേധാവിയാണ് 'ശൗര്യ' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഈ ശില്പം സേനയ്ക്കായി സമർപ്പിച്ചത്. സർവീസിൽ നിന്നു വിരമിച്ച പോലീസ് ഉദ്യോഗസ്ഥരോടുള്ള ആദരവ് പ്രകടിപ്പിക്കാനാണ് ഈ ശില്പം തയ്യാറാക്കിയിരിക്കുന്നത്. ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ റൈഫിളുകൾ, റിവോൾവറുകൾ, മാഗസിനുകൾ എന്നിവയാണ് ഈ സ്മൃതിമണ്ഡപത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളത്.

പോലീസ് ആസ്ഥാനത്ത് സംഘടിപ്പിച്ച ചടങ്ങിൽ ആസ്ഥാനത്തെ ഐ.ജി ഹർഷിത അട്ടല്ലൂരി, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ

***************************